പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 974 — 06.06.2018 ൽ മറുപടിയ്ക്ക്

## വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ സംയുക്ത വെരിഫിക്കേഷൻ നടത്തി ജണ്ടകെട്ടി വേർതിരിക്കാത്തത് മൂലം പല വില്ലേജുകളിലും കരം സ്വീകരിക്കുന്നില്ല എന്നതും പലയിടങ്ങളിലും പട്ടയം നല്കാൻ തടസ്സമാകുന്നുവെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇക്കാര്യം പരിഹരിക്കുന്നതിനായി, ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി, എല്ലാ റെയിഞ്ച്ഫോറസ്റ്റ് ഓഫീസർ/ അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻമാരും മാസം തോറും നിർമ്മിച്ച ജണ്ട കളുടെ എണ്ണം ഓരോ മാസത്തേയും അവസാന പ്രവൃത്തി ദിവസം 'ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ'–ൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് അത് പ്രകാരം ടി പ്രവൃത്തി ചെയ്തു വരുന്നുണ്ട്. സ്ഥിരം ജണ്ട കളുടെ നിർമ്മാണം വഴി വനാതിർത്തി നിർണ്ണയം |

| | | | |
|---|---|---|---|
| | | | ത്വരിതഗതിയിലാക്കാൻ ഈ സംവിധാനം സഹായകരമാണ്. |
| സി) | പ്രസ്തുത മൊഡ്യൂൾ അടിസ്ഥാനമാക്കി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സംസ്ഥാനത്ത് പ്രസ്തുത പ്രശ്നങ്ങൾ ഏതെല്ലാം പ്രദേശങ്ങളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കമോ; ? | സി) | 'ഡീമാർക്കേഷൻ ഓഫ്ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ' പ്രകാരം ഓരോ ഡിവിഷൻ / റെയിഞ്ച് എന്നിവിടങ്ങളിലെ ജണ്ട നിർമ്മാണത്തിന്റെ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും നൽകുകയും എത്രയുംവേഗം അവശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ പരിധിയിലെ സൗത്ത് വയനാട് ഡിവിഷൻ പരിധിയിലുള്ള പ്രദേശങ്ങളിലും ഈസ്റ്റേൺ സർക്കിളിന് കീഴിലെ പാലക്കാട് ഡിവിഷന്റെ പരിധിയിൽ ഉള്ള വാളയാർ റെയിഞ്ചിലെ കൊട്ടേക്കാട് മലവാരം, അകത്തേത്തറ, അകമലവാരം, പുതുശ്ശേരി എന്നീ സ്ഥലങ്ങളിലും, ഒലവക്കോട് റെയിഞ്ചിലെ മുണ്ടൂർ, ടൗൺ സെക്ഷൻ എന്നീ സ്ഥലങ്ങളിലും ഒറ്റപ്പാലം റെയിഞ്ചിലെ തിരുവാഴിയോട്, പട്ടാമ്പി എന്നീ സ്ഥലങ്ങളിലും പ്രസ്തുത പ്രശ്നങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ